ആക്രമണം ഉണ്ടായ പ്രദേശങ്ങളിൽ അടിയന്തിരമായി കടൽഭിത്തി കെട്ടണമെന്നുള്ളതിന്റെ പേരിൽ സുനാമി affected ആയിട്ടുള്ള ഈ മൂന്നു പഞ്ചായത്തുകളിലെ കടൽഭിത്തിക്ക് വേണ്ടി ഏതാണ്ട് 11 കോടിയിലധികം രൂപ എടുത്തുകൊടുത്തു. അവിടെ ടെൻഡർ ചെയ്ത് പണി നടക്കുകയാണ്. മറ്റ് പ്രദേശങ്ങളിലും തുക വേണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇപ്രാവശ്യത്തെ ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ കടൽഭിത്തിക്കുവേണ്ടി പ്രത്യേക തുക അനുവദിച്ചിട്ടുണ്ട്. ആ തുക ഈ വർഷം കിട്ടില്ല. അടുത്ത വർഷം തൊട്ട് കുറേ പ്രയോജനപ്പെടുത്താൻ സാധിക്കും. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റിന്റെ രാജീവ്ഗാന്ധി പാക്കേജിൽ കടൽഭിത്തി നിർമ്മാണം കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇന്ന് കടൽഭിത്തിയില്ലാത്ത മേഖലകളിൽ ഒട്ടാകെ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു സംവിധാനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ധനകാര്യ കമ്മീഷനിൽ നിന്ന് നമുക്ക് നാലു വർഷം കൊണ്ട് കിട്ടുന്ന സഹായവും അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ രാജീവ്ഗാന്ധി പാക്കേജിൽ ഉൾപ്പെടുത്തി കിട്ടുന്ന സഹായവും ഉപയോഗിച്ചുകൊണ്ട് ശേഷിക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

# IV. റൂളിംഗ്

## അംഗങ്ങൾ ഹാജർ രേഖപ്പെടുത്തിയതിനുശേഷം വെട്ടിക്കളഞ്ഞതു സംബന്ധിച്ച്

*മി. സ്പീക്കർ:* 5-7-2005-ൽ സഭയിൽ ഹാജരായ ചില അംഗങ്ങൾ ഹാജർ പുസ്തകത്തിൽ ഒപ്പിട്ടശേഷം ആയതു വെട്ടി അവിടെ ആബ്സെന്റ് എന്ന് മാർക്ക് ചെയ്തത് ചട്ടം 172-ന് വിരുദ്ധമായിട്ടുള്ള കാര്യമാണെന്നും അപ്രകാരം ആബ്സെന്റാണെന്ന് പ്രഖ്യാപിച്ച അംഗങ്ങൾ പങ്കെടുത്ത സഭാനടപടിയുടെ സ്ഥിതിയെന്താണെന്നതു സംബന്ധിച്ചും ഒരു റൂളിംഗ് നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, പി. ടി. തോമസ്, എന്നിവർ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചു. നിയമസഭാ നടപടി ചട്ടം 172 സഭയുടെ സിറ്റിംഗുള്ള എല്ലാ ദിവസങ്ങളിലും സെക്രട്ടറി ഹാജർ പുസ്തകം സൂക്ഷിക്കണമെന്നും ഹാജരാകുന്ന അംഗങ്ങളിൽ സ്പീക്കറും മന്ത്രിമാരും ഒഴികെയുള്ളവർ ആയതിൽ ഒപ്പ് വയ്ക്കണമെന്നും അനുശാസിക്കുന്നു. ഇന്നലെ സഭയിൽ ഹാജരായിരുന്ന പ്രതിപക്ഷാംഗങ്ങളിൽ 18 പേർ ഹാജർ പുസ്തകത്തിൽ ഒപ്പിട്ടശേഷം ആയത് വെട്ടിക്കളഞ്ഞിട്ടുണ്ട്. 34 അംഗങ്ങൾ ഇന്നലെ എനിക്ക് എഴുതി ഒപ്പിട്ടുതന്ന കത്തിൽ നിയമസഭയിൽ ഹാജരായ തങ്ങൾക്ക് സിറ്റിംഗ് ഫീസും,

LIBRARY ARCHIVES Kerala Legislative Assembly

ഡി.എ.യും ആവശ്യമില്ല എന്നും അത് ഉപേക്ഷിക്കുകയാണെന്നും പറഞ്ഞിരുന്നു. പ്രതിപക്ഷ നേതാവും ഈ കാര്യം ഇന്നലെ സഭയിൽ പ്രഖ്യാപിച്ചിരുന്നു. സഭയിൽ ഹാജരായശേഷം ഡി.എ. സ്വീകരിക്കാതിരിക്കുന്നതിന് അംഗങ്ങൾക്ക് അവകാശമുണ്ട്. എന്നാൽ നിയമസഭയിൽ ഹാജരായ അംഗങ്ങൾ സഭയുടെ രേഖയായ ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്തിയതിനുശേഷം ആയത് വെട്ടിക്കളഞ്ഞ് ആബ്സെന്റ് എന്ന് രേഖപ്പെടുത്തിയത് തികച്ചും തെറ്റായ ഒരു നടപടിയാണ്. ഇപ്പോഴെങ്കിലും അതിന്റെ ഗൗരവം ബന്ധപ്പെട്ട മെമ്പർമാർക്ക് മനസ്സിലായിക്കാണുമെന്ന പ്രതീക്ഷയിൽ ആ പ്രശ്നം ഇവിടെ അവസാനിപ്പിക്കുന്നു. സഭയിൽ ഹാജരായ പ്രതിപക്ഷാംഗങ്ങൾ ഇന്നലെ സഭയിൽ നടത്തിയ പ്രസംഗങ്ങൾ സഭയുടെ പ്രൊസീഡിംഗ്സിന്റെ ഭാഗം തന്നെയാണ്. ഇന്നലെ ഇവിടെ നടന്ന കാര്യങ്ങളുടെ ഗൗരവം ബന്ധപ്പെട്ട നേതാക്കൾ മെമ്പർമാർക്ക് പറഞ്ഞ് മനസ്സിലാക്കി കൊടുക്കണം.

*ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* ഇതൊരു പുതിയ സംഭവമാണ്. അതുകൊണ്ട് അങ്ങ് റൂളിംഗ് നൽകിയത് നന്നായി. അതിന്റെ നടപടിക്രമങ്ങൾ മനസ്സിലാകാത്തതുകൊണ്ട് പറ്റിയതാണ്. ഞങ്ങൾ ഇവിടെ വന്നതിനുശേഷം എടുത്ത ഒരു തീരുമാനമാണ് ഡി.എ. വാങ്ങാൻ പാടില്ല എന്നത്. അതുകൊണ്ട് ഒപ്പിട്ട ആളുകൾ അത് വെട്ടിക്കളയണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തത്.

*മി. സ്പീക്കർ:* D. A. വേണ്ട എന്ന് പറഞ്ഞാൽ സമ്മതിച്ചു. പക്ഷേ, ഒപ്പ് വെട്ടുക എന്ന് പറഞ്ഞാൽ അത് രേഖ മാറ്റുന്നതിന് തുല്യമാണ്.

*ശ്രീ. ടി. എം. ജേക്കബ്:* അങ്ങയുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ അങ്ങ് അവസാനം പറഞ്ഞ ഒരു വാക്ക് "ഇങ്ങനെയൊക്കെയാണെങ്കിലും സഭയിൽ ഹാജരായവർ പറഞ്ഞത് രേഖയിൽ ഉണ്ടായിരിക്കുമെന്ന്" ............... അങ്ങനെയാണെങ്കിൽ ഇന്നലെ ഓതറൈസേഷൻ തന്നത് സ്വീകരിക്കാൻ കഴിയില്ല എന്ന് ഈ സഭയിൽ പറഞ്ഞു. അത് രണ്ടും വൈരുദ്ധ്യമല്ലേ?

*മി. സ്പീക്കർ:* സഭയിൽനിന്നും പോയ ആളുകളെ സംബന്ധിച്ചിടത്തോളം, വന്ന ആളുകൾ സംസാരിച്ചത് ഇവിടെ മാദ്ധ്യമങ്ങൾ കണ്ടു, ടേപ്പ് റിക്കാർഡറിൽ കേട്ടു. അതൊന്നും ഒഴിവാക്കാൻ കഴിയുകയില്ല. അക്കാര്യം അവസാനിച്ചു. (..................... ബഹളം. ............) ഇതെല്ലാം ഇന്നലെ പറഞ്ഞു കഴിഞ്ഞു. No discussion. It is a closed chapter.

LIBRARY ARCHIVES Kerala Legislative Assembly